# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.T 3910 15.05.2017 ലെ മറുപടി**

## കൃഷിക്ക് ജലം ഉപയോഗിക്കുന്നതിന് വിലക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ്.പി:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) വരൾച്ച കാരണം നെൽകൃഷിയിടങ്ങൾ വരണ്ടുണങ്ങി കൃഷിക്കുപയുക്തമല്ലാതാകുന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി നെൽക്കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളുടെ കനാലുകളിലൂടെ എല്ലാ വർഷത്തെയുംപോലെ ഈ വർഷവും പരമാവധി ജലവിതരണം നടത്തി യിരുന്നു. എന്നാൽ ഡാമുകളിലെ സംഭരണ ശേഷിയിലുണ്ടായ കുറവു മൂലവും കടുത്ത വരൾച്ച കണക്കി ലെടുത്തും കുടിവെള്ളത്തിന് പ്രാമുഖ്യം നല്കിയതിനാലും കൃഷിക്കുള്ള ജല വിതരണം പരിമിതപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. |
| (സി) കൃഷിക്ക് ജലം ഉപയോഗിക്കുന്നതിന് നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) കേരള സർക്കാർ (Disaster management (Revenue -K) വകുപ്പ്) പുറത്തിറക്കിയ സർക്കുലർ തീയതി 31.10.2016 പ്രകാരം ജലഉപയോഗം കുറയ്ക്കുന്നതിന് വേണ്ടി കുടിവെള്ളം - ഗാർഹിക ഉപയോഗം - വളർത്തു മൃഗങ്ങൾക്ക് - വന്യ ജീവികൾക്ക് - കൃഷിക്ക് - വ്യവസായത്തിന് എന്ന മുൻഗണനാ ക്രമം 2017 മെയ് മാസം വരെ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടി വെള്ളത്തിനാണ് പ്രാധാന്യം നല്കി യിട്ടുള്ളത്. |

| | | |
|---|---|---|
| | | കൂടാതെ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ കുടിവെള്ളത്തിന് പ്രാധാന്യം നല്കി,ലഭ്യമാകുന്ന ജലം കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശം കർഷകരെ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. |
| (ഡി) | നെൽക്കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) ജലസംഭരണികളിലെ ജലലഭ്യത അനുസരിച്ച് നെൽകൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**